## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
## പൂക്കോട്, ലക്കിടി പി.ഒ, വയനാട്.

### പുന:ദർഘാസ് പരസ്യം

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ പൂക്കോട് ആസ്ഥാനത്തുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിയുടെ ഉപയോഗത്തിനായി 2018 വർഷം മുതലുള്ള വാഹനം ഡ്രൈവർ സഹിതം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കുന്നതിന് മുദ്ര വച്ച കവറിൽ നേരിട്ടോ /രജിസ്റ്റേർഡ് / സ്പീഡ് പോസ്റ്റ് വഴി മാത്രം ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ടെൻഡർ നമ്പർ | പ്രവൃത്തിയുടെ പേര് | നിരത ദ്രവ്യം | കരാർ കാലാവധി | കി.മി. പരിധി | ടെൻഡർ പ്രമാണ ത്തിന്റെ വില |
|---|---|---|---|---|---|
| സി.ഡി.എസ്.റ്റി/ പി.കെ.ഡി/വെഹിക്കിൾ/ 329/2021 | കരാർ അടിസ്ഥാനത്തിൽ കാർ (5 സീറ്റ്) ലഭ്യമാക്കുന്നത് | രൂപ 500 | ഒരു വർഷം | 1200 കി.മി (മാസം) | 472 രൂപ + 18% ജി.എസ്.റ്റി, |

| | |
|---|---|
| ദർഘാസ് പ്രമാണങ്ങൾ ലഭ്യമാകുന്ന തീയതി | 05.03.2026 10.00 എ.എം മുതൽ 13.03.2026 12.00 പി.എം.വരെ |
| ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 13.03.2026 1.00 പി.എം. വരെ |
| ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തീയതിയും സമയവും | 16.03.2026 2.30 പി.എം |
| ടെൻഡറുകൾ സ്വീകരിക്കുന്ന ഓഫീസ് | കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, പൂക്കോട് |

ടെൻഡർ (www.kvasu.ac.in) എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതായിരിക്കും. നിരതദ്രവ്യം നേരിട്ടോ അല്ലെങ്കിൽ സ്പെഷ്യൽ ഓഫീസർ സി.ഡി.എസ്.റ്റി, പൂക്കോട് എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൽപ്പറ്റ ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ കാര്യാലയവുമായി പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക. ടെൻഡർ പ്രമാണത്തിന്റെ വില ഓഫീസിൽ അടക്കേണ്ടതാണ്.

(ഒപ്പ്)
**സ്പെഷ്യൽ ഓഫീസർ**

**പൂക്കോട്**
**04.03.2026**

COLLEGE OF DAIRY SCEINCE & TECHNOLOGY(KVASU) POOKODE P.O.LAKKIDI-673576 Date..................

//അംഗീകാരത്തോടെ അയക്കുന്നത്//

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

## നിബന്ധനകൾ

1. പ്രീമിയം കാറുകൾ, എക്കോണമി കാറുകൾ, ഓർഡിനറി കാറുകൾ എന്നിവയുടെ നിബന്ധന അനുസരിച്ചുള്ള റേറ്റ്, പെയ്മെന്റ് സംബന്ധിച്ച നിബന്ധന വാടക അടിസ്ഥാനത്തിൽ വാഹനങ്ങൾ സർക്കാർ / അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് സംബന്ധിച്ച മുൻ പരിചയം എന്നിവ അഭികാമ്യം
2. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേതാണ്. കൂടാതെ വാഹനം ഓടിക്കുന്നതിന് സ്ഥിരമായി പരിചയസമ്പന്നനായ ഡ്രൈവറെ നിയോഗിക്കേണ്ടതാണ്.
3. പ്രസ്തുത വാഹനം 2018 - ഓ അതിനുശേഷമോ ഉള്ള മോഡൽ ആയിരിക്കണം.
4. വാഹനത്തിന് മോട്ടോർ വാഹന വകുപ്പ് നിർദേശിക്കുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.
5. വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ ഡോക്യുമെന്റിന്റെയും ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേതാണ്. ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്. ഡ്രൈവർമാർക്ക് നിർബന്ധമായും ലൈസൻസും, സ്ഥിരമായ മേൽവിലാസവും, മൊബൈൽ ഫോണും ഉണ്ടായിരിക്കേണ്ടതുമാണ്.
6. സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെടുമ്പോഴെല്ലാം (അവധി ദിവസങ്ങൾ ഉൾപ്പടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ട താണ്.
7. ഏതെങ്കിലും കാരണവശാൽ സ്ഥിരവാഹനത്തിന് ഓടാൻ തടസ്സമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടേതാണ്.
8. വാഹനം പുറപ്പെടുന്നതും യാത്ര അവസാനിപ്പിക്കുന്നതും കോളേജിൽ നിന്നും കോളേജ് വരെയാണ്.
9. തെരെഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസി/വാഹന ഉടമ സ്പെഷ്യൽ ഓഫീസറുമായി ഒരു വർഷത്തേക്ക് 200 രൂപ മുദ്രപത്രത്തിൽ കരാർ ഒപ്പിടേണ്ട താണ്.
10. വാഹനം നൽകുന്നതിൽ രണ്ട് തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽ പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതാണ്.
11. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിവസങ്ങൾ ഉൾപ്പടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം കോളേജ് വാടകയ്ക്ക് എടുത്താൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
12. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ നൽകുന്നതാണ്. **1200** കി. മീറ്ററിനു ശേഷമുള്ള അധിക ക.മീറ്ററിനുള്ള തുക 3 മാസത്തിനുള്ളിൽ മാത്രമെ നൽകുകയുള്ളൂ.
13. വാഹനത്തിന്റെ വാടകയിൽ നിന്നും നിയമാനുസൃത റ്റി.ഡി.എസ് പിടിക്കുന്നതാണ്.
14. കോളേജിൽ നിന്നും നൽകുന്ന ലോഗ് ബുക്ക് ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും പൂരിപ്പിക്കേണ്ടതും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പ് വാങ്ങേണ്ട തുമാണ്.
15. ഒരോ ദിവസത്തെയും ലോഗ് ബുക്ക് സ്പെഷ്യൽ ഓഫീസറെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഓഫീസറെയോ കാണിച്ച് മേലൊപ്പ് വാങ്ങേണ്ട താണ്.
16. പ്രതിമാസം കുറഞ്ഞ ദൂരമായ **1200** കി.മീറ്ററിനുള്ള രൂപയും അതിനുശേഷമുള്ള ഓരോ അധിക കി.മീറ്ററിനുള്ള രൂപയും ജില്ലക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുന്നതിന് ഡ്രൈവർ ബാറ്റ രൂപയുമാണ് ദർഘാസിൽ കാണിക്കേണ്ടത്.
17. ടെൻഡർ നോട്ടീസിനോടൊപ്പം അനുബന്ധമായി വച്ചിട്ടുള്ള ഫോറത്തിൽ റേറ്റ് നൽകേ ണ്ടതാണ്.
18. ഈ കരാർ തുടരാനും റദ്ദാക്കാനുമുള്ള അംഗീകാരം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
19. കരാറുകാരന് കോളേജിന് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസത്തെ നോട്ടീസിൽ കരാർ അവസാനിപ്പിക്കാവുന്നതാണ്.
20. എന്തെങ്കിലും അനിവാര്യമായ കാരണത്താൽ വാഹനമോ, ഡ്രൈവറെയോ മാറ്റേണ്ടി വന്നാൽ മുൻകൂർ അനുമതിയോടെ മാത്രം ചെയ്യേണ്ടതാണ്.

21. കരാർ ഉറപ്പിക്കുന്ന വ്യക്തി 10,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെക്കേണ്ടത ാണ്. ആയതു കരാർ കാലാവധിക്കു ശേഷം തിരികെ നൽകുന്നതാണ്. കരാർ വ്യവസ്ഥയിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ പ്രസ്തുത സംഖ്യ കണ്ടുകെട്ടുന്നതാണ്.

22. ടെൻഡറിനോടൊപ്പം, സ്പെഷ്യൽ ഓഫീസർ, സി.ഡി.എസ്.റ്റി പൂക്കോടിന്റെ പേരിൽ കൽപ്പറ്റയിൽ മാറാവുന്ന 500/- രൂപയുടെ ഡി.ഡി നിരതദ്രവ്യമായി നൽകേണ്ടതാണ്. ദർഘാസുകളിൽ തീരുമാനമെടുത്തതിനു ശേഷം പ്രസ്തുത സംഖ്യ തിരികെ നൽകുന്നതാണ്. കരാർ ഉറപ്പിച്ചതിനു ശേഷം കരാറുകാരൻ പിൻമാറുകയാണെങ്കിൽ ഈ സംഖ്യ തിരികെ നൽകുന്നതല്ല.

23. ടെൻഡർ സീൽ ചെയ്ത കവറിൽ, ടെൻഡർ നമ്പർ തീയതി എന്നിവ രേഖപ്പെടുത്തി 'സ്പെഷ്യൽ ഓഫീസർ, കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, ടി.വി.സി.സി. ബിൽഡിംഗ്, പൂക്കോട് , ലക്കിടി പി.ഒ 673576' എന്ന വിലാസത്തിൽ **13.03.2026 ന് 1.00 മണിക്ക് മുമ്പായി** കിട്ടത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. കവറിന്റെ മുകളിൽ **കോൺട്രാക്ട് കാർ വാടകയ്ക്കുള്ള ടെൻഡർ** എന്ന് എഴുതിയിരിക്കേണ്ട താണ്. ടെൻഡറുകൾ അന്നേ ദിവസം 2.30 മണിക്ക് അപ്പോൾ ഹാജരുള്ള ടെൻഡർ നൽകിയവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

24. ഏതെങ്കിലും കാരണവശാൽ മേൽ പറഞ്ഞ ദിവസം അവധി ആണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം മേൽ പറഞ്ഞ സമയത്ത് ടെൻഡറുകൾ തുറക്കുന്നതായിരിക്കും.

25. ടെൻഡറുകൾ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും ഉള്ള അധികാരം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
**സ്പെഷ്യൽ ഓഫസർ**

//അംഗീകാരത്തോടെ അയക്കുന്നത്//

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

# ടെൻഡർ ഫോറം

| വാഹന സംബന്ധമായ വിവരങ്ങ& | രജിസ്ട്രേഷൻ നമ്പർ, വർഷം | ഇൻഷൂറൻസ് ................ മുതൽ. ................ വരെ | തുക/മാസത്തിൽ (1200 കി.മീ) | 1200 കി.മീ നു ശേഷമുളള തുക (ഓരോ കി.മീ) | ജില്ലക്ക് പുറത്ത് രാത്രി ഹാൾട്ട് ചെയ്യുമ്പോൾ ഡ്രൈവർക്ക് അനുവദനീയമാകുന്ന ബാറ്റ |
|---|---|---|---|---|---|
| 1. മെയ്ക്ക് /ബ്രാൻഡ്<br>2. മോഡൽ<br>3. സിറ്റിംഗ് കപ്പാസിറ്റി<br>4. ഇന്ധനം<br>5. എ.സി/ നോൺ എ.സി | | | | | |

ഒപ്പ് :

പേര് :

സ്ഥിരമായ മേൽ വിലാസം :

സ്ഥലം :

തീയതി :

മൊബൈൽ നം. :